**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2857**
**13/07/2015 -ലെ മറുപടിക്ക്**
**ടൈപ്പിസ്റ്റുമാരുടെ ശമ്പള സ്കെയിൽ ഏകീകരണം**

| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.ഉമ്മൻചാണ്ടി**<br>**ബഹു.മുഖ്യമന്ത്രി** |
| (എ) | ഗവൺമെൻറ് സെക്രട്ടറിയേറ്റിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും സർവ്വകലാശാലകളിലും ജോലി ചെയ്യുന്ന ടൈപ്പിസ്റ്റുമാർക്ക് ഒരേ യോഗ്യതയും വ്യത്യസ്ത നിരക്കിലുള്ള ശമ്പളവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഗവൺമെൻറ് സെക്രട്ടറിയേറ്റിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും സർവ്വകലാശാലകളിലും ജോലി ചെയ്യുന്ന ടൈപ്പിസ്റ്റുമാർക്ക് വ്യത്യസ്ത യോഗ്യതയും വ്യത്യസ്ത ശമ്പളസ്കെയിലുകളുമാണ് നിലനിൽക്കുന്നത്. |
| (ബി) | ടൈപ്പിസ്റ്റുമാരുടെ ശമ്പളസ്കെയിൽ ഏകീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പളക്കമ്മീഷനുകൾ യോഗ്യതയുടേയും വിവിധ വകുപ്പുകളിലെ ജോലി സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് തസ്തികകൾക്ക് ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും ശുപാർശ ചെയ്യുന്നത് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച ശുപാർശകളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റൻറ് എന്നാക്കി പുനർ നാമകരണം ചെയ്യുമോ; | |
| (ഡി) | ടൈപ്പിസ്റ്റ് തസ്തികയിലെ പ്രമോഷൻ പോസ്റ്റായ ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; | |
| (ഇ) | ടൈപ്പിസ്റ്റ് തസ്തിക സാങ്കേതിക തസ്തികയാക്കി (Technical Post) മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | |

Manjusha

**സെക്ഷൻ ഓഫീസർ**